Vol. 1, No.8
2022 July-December
1197-98 മിഥുനം-വൃശ്ചികം

**Included in UGC-CARE list**
A peer reviewed research journal

CHENGAZHI



Chengazhi
*Included in UGC Care list*
*A peer reviewed research journal*
Bilingual, Half Yearly

Published in India by
Department of Malayalam, Payyanur Centre,
Sree Sankaracharya University of Sanskrit, Kalady

Volume 1, Issue-8, July-December, 2022

Registered with The Registrar of Newspapers for India
No.KERBIL/2019/77103.

ISSN: 2581-9585.

Licensed under Creative Commons Share Alike license.

Book Design
Ashokkumar P.K.
Typeset using unicode Malayalam Fonts (smc.org.in, rachana.org)

Cover Photo & Design: Cyril Mathew, Salford University, UK.

Data entry using Malayalam Unicode by:
Ms. Philomina Mathew
Proof: Ms. Smitha K.P.; Ms. Kavitha E.

Price ₹550/-

Printed and published by Dr. V. Lissy Mathew, on behalf of Department of Malayalam, Sree Sankaracharya University of Sanskrit, Regional Centre, Payyanur, Printed at Varnamudra Graphics, Pm. XX 402 A5, Perumba, Payyanur, Published from: Department of Malayalam, Sree Sankaracharya University of Sanskrit, Regional Centre, Payyanur, Edat P.O., Kannur District, Kerala, 670327. Editor Dr. V. Lissy Mathew

സംസ്കൃതമായിന ചെങ്ങഴിനീരും
നറ്റമിഴായിന പിച്ചകമലരും
ഏകകലർന്ന കരമ്പകമാലാം
വൃത്തമനോജ്ഞാം സംഗ്രഥയിഷ്യേ
—*ലീലാതിലകം*

# ഉള്ളടക്കം


മലയാളഭാഷയിലെ സംസ്കൃതരൂപങ്ങളും പ്രയോഗസാധുതയും
അലക്സ്. എൽ. 11

ജാതിയുടെ അബോധം: ഫ്രോയ്ഡിയൻ-ലകാനിയൻ വിശകലനം
വിജിത്ത് കെ. 18

പ്രതിമാജീവിതങ്ങളും കോളനിവിരുദ്ധ നരഭോജനങ്ങളും—ഭാസനാടകങ്ങളുടെ രാഷ്ട്രീയം
ഷൂബ കെ.എസ്. 24

വയലാർ: ഗാനവഴികളിലെ സമഗ്രത
ഡേവിസ് സേവ്യർ 36

വടക്കൻ പ്രാദേശികഭാഷാവിനിമയം മലയാളസിനിമയിൽ
ജൈനിമോൾ കെ. വി. 42

'വാസ്തുഹാര'യുടെ ആഖ്യാന ഘടന
ജയകമാർ എസ്.എസ്. 49

പഞ്ചസന്ധികളുടെ പ്രയോഗം നൃത്യനാടികകളിൽ
കവിത കെ.എസ്. 57

തിരമൊഴിമുഴക്കങ്ങൾ—മലയാളകവിതയുടെ പുതിയ മുഖം
മിനി ആലീസ് 64

അവൾ അവനോട് പറയുന്നത്...
സുനിത ടി.വി 74

ഫ്രെയിമിലൊതുങ്ങാത്ത യാത്രകൾ
സിബു മോടയിൽ 79

ബഹുസ്വരതയുടെ ആഖ്യാന പാഠങ്ങൾ
കെ.ബി. ശെൽവമണി 84

ദൈവദശകവും ആധുനികതയും
കവിതാരാമൻ 90

കലടയും കലീനയും: സ്ത്രീനിർമ്മിതിയുടെ രാഷ്ട്രീയം യയാതിയിൽ
മാനസ അശോക് എം. 96

കീഴാളഭൂതവും ചരിത്രമിത്തിന്റെ പുനരാഗമനവും
മനോജ് വി.എസ്. 105

ഭാഷാസാങ്കേതികതയുടെ നവമാധ്യമപാഠങ്ങൾ
മിഥുൻ രാജ് കെ.കെ. 113

ഭയത്തിന്റെ നിഗൂഢനിയതികൾ 'ആയുധമെഴ'ത്തിൽ
രാഗിണി ഇ.വി. 120

പ്രകൃതിശാസ്ത്രം: മാനകമലയാളത്തിന്റെ ഭൂപടങ്ങൾ
രൂപിമ എസ്. 126

ധാർമ്മിക സോഷ്യലിസ്റ്റായ ശ്രീനാരായണഗുരു
ആര്യാസുരേന്ദ്രൻ ആർ. 135

ദൃശ്യമാധ്യമങ്ങളിലെ അർത്ഥോല്പാദനവും നൃമെറോ സീറോയും മണിച്ചിത്രത്താഴും
ടി.കെ. സന്തോഷ് കമാർ 139

അനുഷ്ഠാനകലകളുടെ ആഖ്യാനപരിണാമം മലയാളസിനിമയിൽ
ശരൺ ചന്ദ്രൻ എൻ 146

മുനകൂർപ്പിച്ചില്ലാതായ ജീവിതങ്ങൾ 154
ലീന ജെ. 154

നവോത്ഥാനവിമർശനത്തിലെ സാമൂഹ്യപാഠങ്ങൾ: തായാട്ടിന്റെ സംഭാവനകൾ
ഷാജു വർഗീസ് 158

നായാടികൾ—ഒരു ജനപദസംസ്കാര പഠനം 163
ഷീബ സി.വി. 163

സൂഫിസവും അദ്വൈതവും: ദർശനവിചാരം 171
സൗമ്യ കെ. 171

സമകാല മലയാളസിനിമയിലെ മാറുന്ന ഭാഷാബിംബങ്ങൾ 176
സിബിൾ സണ്ണി 176

സത്യാനന്തരകാലത്തെ ദേശീയവ്യവഹാരങ്ങൾ 183
എബിൻ എം.ഡി. 183

ആധുനിക കവിത്രയകല്പന
ഗീത എസ്.എസ്. 192

സത്യാനന്തര കാലത്തെ വിവർത്തനം: ചില വ്യാകലതകൾ
ബി. ഇഫ്തിഖാർ അഹമ്മദ് 199

അപരങ്ങളും ആദ്യകാല സ്ത്രീമാസികകളും
സംഗീത തിരുവൾ പി.പി. 208

നാട്ടരങ്ങിന്റെ രീതിശാസ്ത്രം ഉലകടയപെരുമാൾ തമ്പുരാനാട്ടിൽ
ഐ. ഷീജ 213

കറന്തൊകൈ – മലയാളം തമിഴ് ഭാഷാബന്ധങ്ങൾ
ധനശ്രീ പി.എം. 219

ബാല പ്രസിദ്ധീകരണങ്ങളിലെ സ്ത്രീ പ്രതിനിധാനങ്ങൾ
സ്മിത കെ.പി. 225

പുരാവൃത്തവിനിയോഗം കക്കാടിന്റെ കവിതയിൽ
ശുഭ കെ. 232

എകെജി: വ്യക്തിയും ശരീരവും
ഉൻമേഷ് കെ.എസ്. 238

അയ്യങ്കാളി: ഭാഷാ സമീപനത്തിലെ ദലിത് മാതൃക
അനിഷ് കുമാർ വി.കെ. 243

മലബാർ കടിയേറ്റം: സംസ്കാരം, സങ്കല്പനം
വി.ലിസിമാത്യു 248

മലയാള വിമർശനത്തിലെ സൈദ്ധാന്തികനിലകളുടെ പില്ക്കാലം
നിസ്സൽ രാജ് 255

കേരളീയ തൊഴിലിടങ്ങൾ: ചരിത്രം, രാഷ്ട്രീയം
മഞ്ജു പി. 263

കെ.പി. വള്ളോനും കേരളത്തിലെ കീഴാളരാഷ്ട്രീയവും
ശരത്കുമാർ കെ. 272

ധർമ്മരാജായിലെ ചരിത്ര സംഭവ്യത
ജെ. ജയകുമാർ 278

# മലയാളഭാഷയിലെ സംസ്കൃതരൂപങ്ങളും പ്രയോഗസാധുതയും

അലക്സ്. എൽ.

അസോ. പ്രൊഫസർ, മലയാളവിഭാഗം, ഗവ. കോളെജ്, നെടുമങ്ങാട്

## പ്രബന്ധസംഗ്രഹം:

മലയാളഭാഷയുടെ വളർച്ചയിൽ ഇതരഭാഷകളുമായുള്ള സമ്പർക്കം വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മറ്റ ഭാഷകളിൽ നിന്നെല്ലാം ധാരാളം പദങ്ങളും പ്രയോഗങ്ങളും മലയാളം സ്വീകരിച്ചിട്ടുമുണ്ട്. മലയാളഭാഷയിലെ തെറ്റും ശരിയും നിർണ്ണയിക്കുന്നതിൽ സംസ്കൃത വ്യാകരണത്തെ അടിസ്ഥാനമാക്കേണ്ടതുണ്ടോ എന്നതിനെക്കുറിച്ചും ഭാഷയിലേയ്ക്കു സ്വീകരിക്കുന്ന സംസ്കൃത പദങ്ങൾക്കും പ്രയോഗങ്ങൾക്കും സംസ്കൃത വ്യാകരണപ്രകാരമുള്ള ശുദ്ധി എത്രത്തോളം വേണം എന്നതിനെ സംബന്ധിച്ചും ഭാഷാപണ്ഡിതർക്കുള്ള വ്യത്യസ്ത നിലപാടുകളും മറ്റൊരു ഭാഷയുമില്ലാത്തത്ര അടുത്ത ബന്ധം സംസ്കൃതത്തിന് മലയാളത്തോടുണ്ടായതിന്റെ കാരണങ്ങളും പരിശോധിക്കുന്നു. സംസ്കൃതത്തിന് മലയാളത്തോടുള്ള ബന്ധം കേവലം ഉപരിപ്ലവമല്ല; വ്യാകരണതലം വരെ വ്യാപിച്ചു കിടക്കുന്നതാണ്. ഇന്ന് സംസ്കൃതം പോലെ വളർച്ച കുറഞ്ഞ ഒരു ഭാഷയല്ല മലയാളം. നിയമങ്ങൾ അനുസരിച്ചു മാത്രം ഭാഷ പ്രയോഗിക്കണം എന്ന സംസ്കൃതത്തിലെ കട്ടുംപിടുത്തം ജീവൽഭാഷയായ മലയാളത്തിൽ പ്രായോഗികവുമല്ല. അതിനാൽ സംസ്കൃതത്തിൽ നിന്നു കടന്നു വന്നിട്ടുള്ള പദങ്ങളും പ്രയോഗങ്ങളും സംസ്കൃതരീതിയിൽ തന്നെ പ്രയോഗിക്കണം എന്ന ശഠിക്കുന്നതോ മലയാളത്തിന്റെ രീതി അനുസരിച്ച് മാറണം എന്ന വാശിപിടിക്കുന്നതോ ശരിയല്ല. ഇന്ന് ഭാഷയിൽ പ്രയോഗസാധുത ഏതു രീതിക്കാണോ ആ രീതി തുടരാൻ അനുവദിക്കുകയും ആ രൂപത്തെ ശുദ്ധഭാഷാ രൂപമായി പരിഗണിക്കുകയുമാണ് വേണ്ടത് എന്ന് സമർത്ഥിക്കുകയാണ് ഈ പ്രബന്ധത്തിൽ.

താക്കോൽ വാക്കുകൾ: ഭാഷാശുദ്ധി, ജീവൽഭാഷ, മാനകഭാഷ, ശുദ്ധമലയാളം, ഭാഷയുടെ സ്വത്വസംരക്ഷണം

ഭാഷ ഒരു ജൈവിക പ്രതിഭാസമാണ്. ജീവൽഭാഷകൾ അവ ഉപയോഗിക്കുന്ന ജനങ്ങളുടെ ആവശ്യങ്ങൾക്കും സാഹചര്യങ്ങൾക്കും അനുസരിച്ച് മാറിക്കൊണ്ടിരിക്കും. മറ്റുഭാഷകളുമായുള്ള നിരന്തര സമ്പർക്കം, വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങളുടെ വ്യത്യസ്തത, ഇതര വിജ്ഞാന മേഖലകളുമായുള്ള ബന്ധം, വംശീയവും പ്രാദേശികവുമായ ഭാഷാഭേദങ്ങൾ കൂടുതൽ ശക്തവും ഊർജ്ജസ്വലവുമാണെന്ന തിരിച്ചറിവ്, സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും രാഷ്ട്രീയവുമായ സ്ഥിതിഗതികൾ—ഇങ്ങനെ ഭാഷ പരിണമിക്കുന്നതിനുള്ള സാഹചര്യങ്ങൾ പലതാണ്

# പുരാവൃത്തവിനിയോഗം കക്കാടിന്റെ കവിതയിൽ

ശുഭ കെ.

അസിസ്റ്റന്റ് പ്രൊഫസർ, സാഹിത്യപാഠ സ്കൂൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

പാരമ്പര്യത്തിന്റെ കരുത്തിനെ ആത്മസാക്ഷാൽക്കരിച്ച് അതിനെ വർത്തമാനകാല ജീവിതത്തോടിണക്കി വ്യക്തമായ ലക്ഷ്യബോധത്തോടെ എഴുതിയ കവികളിൽ പ്രമുഖനാണ് എൻ.എൻ. കക്കാട്. ഗ്രാമനഗരങ്ങളുടെയും സ്വർഗ്ഗനരകങ്ങളുടെയും ആത്മീയവും ഭൗതികവുമായ ജീവിതത്തിന്റെ സംഘർഷങ്ങൾ അനുഭവിക്കുന്ന മനുഷ്യമനസ്സുകളെ തീവ്രമായ യാഥാർത്ഥ്യബോധത്തോടെ ആവിഷ്കരിച്ച മറ്റൊരു കവിയെ കാണാൻ പ്രയാസമാണ്. ആർഷദർശനങ്ങളെയും നാടൻ ചിന്തുകളെയും സമകാല സമൂഹജീവിതത്തിന്റെ യഥാർത്ഥ സന്ദർഭങ്ങളിലേക്കാണ് ഈ കവി കൂട്ടിക്കൊണ്ടു വന്നത്.

കക്കാടിന്റെ കവിതകളെ മൂന്നു കാലഘട്ടങ്ങളായാണ് പൊതുവെ നിരൂപകർ വിലയിരുത്തുന്നത്. ജീവിതമൂല്യങ്ങൾ കാത്തു സൂക്ഷിച്ചുകൊണ്ട് നഗരവൽക്കരണത്തെയും ഭോഗാസക്തിയെയും വിമർശിക്കുന്ന കവിതകളാണ് ആദ്യഘട്ടത്തിൽ എഴുതിയത്. വ്യാപകമായ നഗരസംസ്കൃതി ലോകത്തെ മുഴുവൻ വിഴുങ്ങുന്നതായുള്ള തിരിച്ചറിവിന്റെ അടയാളങ്ങളാണ് രണ്ടാം ഘട്ടത്തിലേത്. 'പാതാളത്തിന്റെ മുഴക്ക'ത്തിൽ നിന്ന് വജ്രകുണ്ഡലത്തിലേക്ക് എത്തുമ്പോൾ ഈ മാറ്റം പ്രകടമാണ്. തന്റെ പ്രതീക്ഷകളൊന്നും സഫലമാവുന്നില്ലെന്ന തിരിച്ചറിവിൽ നിന്നുണ്ടായ വിഹ്വലതയുടെ ആവിഷ്കാരമായി മൂന്നാം ഘട്ടകവിതകളെ പൊതുവെ വിലയിരുത്താം. പട്ടിപ്പാട്ടും ചെറ്റകളുടെ പാട്ടുമൊക്കെ അങ്ങനെ രചിച്ചവയാണ്. പക്ഷേ, എല്ലാഘട്ടത്തിലും പൗരാണികവും നാടോടിയുമായ കാവ്യസന്ദർഭങ്ങളെ വിരുദ്ധോക്തിയുടെ ഭാഷയിൽ അവതരിപ്പിച്ച് നിർലേപമായ മനോവൃത്തിയോടെ ചിത്രീകരിക്കാൻ കക്കാട് ഉത്സുകനായി.

കണ്വാശ്രമവും വസിഷ്ഠ മുനിയുടെ കുടീരവും ആശ്രമ മൃഗങ്ങളും സ്വച്ഛമായ കാലത്തെ പ്രതിനിധാനം ചെയ്ത ചില നന്മകളായിരുന്നു. മാനിനെ പിന്തുടർന്ന് കണ്വാശ്രമ പരിസരത്തെത്തിയ ദുഷ്യന്തനോട് 'ഇതാശ്രമ മൃഗമാണ് കൊല്ലരുതേ,കൊല്ലരുതേ' എന്ന് അപേക്ഷിക്കുന്ന കണ്വശിഷ്യന്മാരെ നമ്മൾ ശാകുന്തളത്തിൽ പരിചയപ്പെട്ടിട്ടുണ്ട്. എന്നാൽ വനഭൂമിയിലെത്തുന്ന പുതിയ നാഗരികന്റെ ചെവിയിൽ ഇപ്പോൾ വന്നെത്തുന്ന ശബ്ദം മറ്റൊന്നാണ്. 'ഇതാശ്രമ മൃഗമാണ്; കൊല്ല്, കൊല്ല്' എന്ന ശീർഷകത്തിൽ എൻ.എൻ. കക്കാട് രചിച്ച കവിത ഉയർത്തുന്ന പ്രശ്നസങ്കീർണ്ണമായ ചിന്തകളിലേക്ക് കടന്നു ചെല്ലാം.



പഴയ സാമ്പത്തിക ബന്ധത്തിലടിയുറച്ച ഗ്രാമീണ വ്യവസ്ഥ മാറാൻ തുടങ്ങുകയും നാഗരികമായ പുതിയ ഒരു വാണിജ്യ സംസ്കാരം ഗ്രാമത്തെ ഗ്രസിക്കുകയും ചെയ്യുന്നതിന്റെ അന്തഃസംഘർഷം സ്വാതന്ത്ര്യാനന്തരകാലം തൊട്ട് താൻ അനുഭവിച്ചിരുന്നതായി കക്കാട് തന്നെ ചൂണ്ടിക്കാട്ടുന്നുണ്ട്. ('എന്റെ കവിതയെക്കുറിച്ച് എന്നെക്കുറിച്ച്', കക്കാട്, കക്കാടിന്റെ കവിതകൾ, കേരളസാഹിത്യസമിതി, 2007, പു. 15) അനുവാചകരുടെ വികാരങ്ങളെയും സൗന്ദര്യബോധത്തെയുമല്ല, വിചാരങ്ങളെയും ധർമ്മബോധത്തെയും തൊട്ടുണർത്താനാണ് കക്കാട് ഏറിയ കൂറും അഭിലഷിച്ചത്. അതിനായി പുതിയ കാവ്യഭാഷ തന്നെ അദ്ദേഹം സൃഷ്ടിച്ചു.

സംസ്കൃതാധ്യയനത്തിന്റെയും വേദ പഠനത്തിന്റെയും അന്തരീക്ഷത്തിൽ വളർന്ന കക്കാടിന്റെ ആദ്യകാല കവിതകൾ ദുർഗ്രാഹ്യമായ ബിംബങ്ങളാൽ ഏറെക്കുറെ സങ്കീർണമായിരുന്നു. 1956-ൽ പ്രസിദ്ധീകരിച്ച 'ശലഭഗീതം' അതിന് ഉദാഹരണമാണ്. എന്നാൽ 'പാതാളത്തിന്റെ മുഴക്കം' എന്ന കവിത 1962-ൽ പ്രസിദ്ധീകരിച്ചതോടെ പുതിയ പരീക്ഷണങ്ങൾക്ക് അദ്ദേഹം തുടക്കമിടുകയായിരുന്നു. ചിത്രമെഴുത്ത്, ശാസ്ത്രീയ സംഗീതം, വാദ്യകല എന്നിവയിലുള്ള സവിശേഷമായ താൽപര്യവും നാടോടിക്കലകളിലുള്ള അറിവുമാണ് കക്കാടിന്റെ കവിതകളെ ചിട്ടപ്പെടുത്തിയതെന്നു പറയാം. ഇതിഹാസങ്ങളിൽ നിന്നു രൂപകങ്ങൾ കടം കൊണ്ട് അദ്ദേഹം ആധുനിക മനുഷ്യന്റെ അവസ്ഥയെ വർണിച്ചു.

കാവ്യശാസ്ത്ര തത്ത്വങ്ങളിലും ഭാരതീയവും പാശ്ചാത്യവുമായ ക്ലാസ്സിക് കൃതികളിലും അവഗാഹം നേടിയ കവി ആധുനികകവിത മഹത്തായ ഒരു പാരമ്പര്യത്തിന്റെ തുടർച്ചയാണെന്ന് വിശ്വസിച്ചിരുന്നു. പുതിയ കവിതയിലെ പുരാണ സൂചനകൾ വെറും ഉദാത്താലങ്കാരം എന്ന പദവി വിട്ട് കവിയുടെ ഇഷ്ട ഭാവനകളുമായി അഭേദം പ്രാപിക്കുകയും മഹത്തായ ഒരു പൈതൃകത്തെ പുതുലോക ക്രമവുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. പഴമൊഴികളും കടങ്കഥകളും കക്കാടിന്റെ കവിതകളിൽ സുലഭമായിത്തീരുന്നത് അങ്ങനെയാണ്. വേദേതിഹാസപുരാണങ്ങൾ, മന്ത്ര-തന്ത്ര യോഗ വിദ്യകൾ,അനുഷ്ഠാന കലകൾ, നാടൻ പാട്ടുകൾ, ശാസ്ത്രക്കളി എന്നിവയിൽ നിന്നെല്ലാം കക്കാട് യഥേഷ്ടം ബിംബസ്വീകാരം നടത്തി. ഉത്തങ്കോപാഖ്യാനം, തക്ഷകൻ, പാതാളം, വേതാളം, വജ്രകുണ്ഡലം, കാളിന്ദി, കശ്യപൻ, അക്ഷഹൃദയം,സ്യമന്തകം, പാർത്ഥസാരഥി തുടങ്ങിയ കാവ്യബിംബങ്ങൾ വിവിധ കവിതകളിൽ പ്രയോഗിക്കുക വഴി വാക്കുകൾക്കിടയിൽ പുതിയ അർത്ഥങ്ങൾ ഉന്മീലിതമാവുന്നു. വൃത്ത വിനിയോഗത്തിലും കാണാം ഈ ഉച്ഛൃംഖലത്വം. പ്രമേയത്തിനനുയോജ്യമായി വൃത്തം സ്വീകരിക്കാനും തിരസ്കരിക്കാനും ഈ കവി നിഷ്കർഷിക്കുന്നുണ്ട്. സംസ്കൃത വൃത്തങ്ങളും സങ്കേതങ്ങളും സ്വീകരിച്ചെഴുതിയ ഭാഷാഭാരതം, ത്രിശ്ലോകി,സഹ്യവർണനം തുടങ്ങിയ കവിതകളുണ്ട്. അതേസമയം മലയിടിച്ചിൽ, ഘോഷയാത്ര, ഉറക്കുപാട്ട്, തുടങ്ങിയവ ഗദ്യത്തിൽ തന്നെ രചിച്ചവയാണ്. ഞാനും നീയും,മോഷ്ടിച്ചെടുത്ത രാത്രി, തുലാമേഘം എന്നിവയിൽ ചമ്പു ഗദ്യ ശൈലി പരീക്ഷിച്ചിരിക്കുന്നു. തരംഗിണിയിലും കേകയിലും അനുഷ്ടുപ്പിലും എഴുതുന്നതോടൊപ്പം അവയിൽ ചില ഭേദങ്ങൾ വരുത്തി കവിത രചിക്കാനും കക്കാട് ശ്രമിക്കുകയുണ്ടായി. 'പാതാളത്തിലെ മുഴക്കം', 'വേരുകൾ', '1963' എന്നിവ നോക്കുക. തായമ്പകയുടെയും പഞ്ചാരിയുടെയും മറ്റും എണ്ണങ്ങൾക്കും താളവിന്യാസങ്ങൾക്കും ഊന്നൽ കൊടുത്ത കവിതകളാണ് ബീറ്റ്, കണ്വൻ, ഫയലുകൾ, വജ്രകുണ്ഡലത്തിലെ ചില ഖണ്ഡങ്ങൾ എന്നിവ. വൃത്തങ്ങളും താളവട്ടങ്ങളും ഇടകലർത്തി ഉപയോഗിച്ച് കവി അനുവാചകർക്കു പുതിയ ഭാവ സംവേദനത്തിനു തന്നെ അവസരമൊരുക്കുകയാണ്. പദപ്രയോഗ രീതിയിലും കാണാം അസാധാരണമായ വിന്യാസക്രമം. കഠിന സംസ്കൃത സമസ്ത പദങ്ങളുടെ ജടിലത തുടരുന്നതിനിടെ

ലളിതസുന്ദരമായ മലയാള പദങ്ങൾ ഉപയോഗിച്ചെന്നവരും. മന്ത്രങ്ങളുടെ ബീജാക്ഷരങ്ങളുടെ സമുചിതമായ സമന്വയവും ഇടയ്ക്ക് കാണാം. അതേസമയം ചെറ്റകളുടെ പാട്ട്, കഴവേറിപ്പാച്ചന്റെ പാട്ടുകഥ, രാമായണം കളി എന്നിവയിലേക്കെത്തുമ്പോൾ സഭ്യമല്ലാത്തതെന്ന വിശേഷിപ്പിക്കപ്പെട്ട പദങ്ങൾ കൂടി രംഗപ്രവേശം ചെയ്യുന്നു.

'കങ്കണമണിരിംഖണനാദമുതിർക്കുന്ന'

എന്ന തീർത്ഥാടനത്തിൽ കേൾപ്പിച്ച കവി

'ചുണ്ടുകളിൽ കവിളുകളിൽ (ചുളിവീഴുകിലും)
ചായം തേച്ചും വിളറിയ വിരലുകളാൽ പ്ലാസ്റ്റിക്
സഞ്ചി തലോടിയുമിഴയും സന്ധ്യ'

യെ ആണ് 'പാർക്കിൽ' വരയ്ക്കുന്നത്.

'ആടടെ ചെറ്റേ ആട് മറ്റെന്തുണ്ടീ
നാണം കെട്ട ജഗത്തിൽ' (ചെറ്റകളുടെ പാട്ട് )

എന്ന പ്രതികരണശേഷി നഷ്ടപ്പെട്ട സ്വതന്ത്ര പൗരനെ ചിത്രീകരിക്കാനും കവി മടിക്കുന്നില്ല.

സങ്കീർണമായ ഭാവതലങ്ങൾ വിശദീകരിക്കാൻ പരമ്പരാഗതവൃത്തങ്ങൾ തടസ്സമാണെന്ന തോന്നിയപ്പോൾ ഭാഷയുടെ താളലയങ്ങളുമായി ബന്ധപ്പെട്ട് പുതിയ പരീക്ഷണങ്ങളിൽ ഏർപ്പെട്ടു. പ്രതീകങ്ങളും പുരാണകഥാസൂചനകളും അപ്രതീക്ഷിതമായ സന്ദർഭങ്ങളിൽ പ്രകാശിക്കപ്പെട്ടു.

1983-ൽ പ്രസിദ്ധീകൃതമായ 'ഇതാശ്രമ മൃഗമാണ്; കൊല്ല്, കൊല്ല്' എന്ന കവിത കക്കാടിന്റെ ജീവിത ദർശനത്തെ ഉദാഹരിക്കുന്ന ഒന്നാണ്. ആദ്യകാല കവിതകളിൽ പരിഹാസത്തോടെയും പിന്നീട് തീക്ഷ്ണമായ ശകാരത്തോടെയും നിരീക്ഷിച്ച കൊള്ളരുതായ്മകളെ സഹിഷ്ണുതയോടെ ദർശിക്കുന്ന ധീരത ഈ കവിത അനുഭവപ്പെടുത്തുന്നു. 'കുലപതിയെവിടെ'? എന്ന ചോദ്യത്തോടെ കവിത ആരംഭിക്കുകയാണ്. കുലഗുരു താമസിച്ചിരുന്ന ആശ്രമവും സമീപവർത്തിയായ നിറഞ്ഞ പൊയ്കയും അതിൽ എന്നും വിളഞ്ഞിരുന്ന നെൽക്കതിരുമെല്ലാം അപ്രത്യക്ഷമായതിന്റെ ഖേദം തുടർന്ന് കവിതയിൽ വായിക്കാനാവുന്നു. പരശ്ശതം പേർ അധ്യയനം നടത്തിയിരുന്ന വേദപാഠശാലയായിരുന്ന കുലഗുരുവിന്റെ ആശ്രമം. കാലത്തിന്റെ പരിണാമം എത്ര ഭീതിദമായിരുന്നുവെന്ന് മുമ്പേതന്നെ കവി പല കവിതകളിലായി പരിചയപ്പെടുത്തിയിട്ടുള്ളതാണ്. ശകുന്തളയെ യാത്ര അയയ്ക്കുന്ന കണ്വൻ തന്റെ പരിസരത്തെ അടയാളപ്പെടുത്തുന്ന വരികൾ കാണാം.

ചാലുകളിൽ പുഴുനുരയും മലിനതയില്ലേ
തെരുവിൽ കുഴികളിൽ
ഡീസൽ കലർത്തിയ ചളിവെള്ളത്തിൽ
പ്ലാസ്റ്റിക് മഴവില്ലുകളില്ലേ. (കണ്വൻ)

കാളിദാസൻ തപോവന ഭൂമിയെ വർണിക്കുന്ന ദൃശ്യങ്ങൾ ഓർമയിൽ എത്തുമ്പോഴാണ് ആധുനികകാലം പുതിയ തലമുറയ്ക്ക് വേണ്ടി കാത്തു വെച്ചിട്ടുള്ള പ്രകൃതിചൂഷണ ദുരന്തങ്ങൾ താരതമ്യഭാവത്തോടുകൂടി മനസ്സിലേക്കു കടന്ന വരിക:

സൂതാ, തപോവനപ്രദേശമാണിതെന്ന് പറയാതെ തന്നെ അറിയാം. എന്തുകൊണ്ടെന്നാൽ പക്ഷികൾ പാർക്കുന്ന വൃക്ഷകോടരങ്ങളിൽ നിന്നും പൊഴിഞ്ഞുവീണ വരിനെല്ലുകൾ വൃക്ഷങ്ങളുടെ താഴെയായി വീണുകിടക്കുന്നു. ഓടക്കായ്കൾ ഉടച്ചതുകൊണ്ട് എണ്ണമയംപറ്റി മിനുസമുള്ള പാറകൾ മറ്റൊരു ഭാഗത്തു കിടക്കുന്നു. വിശ്വാസം നിമിത്തം മൃഗങ്ങൾ രഥശബ്ദം കേട്ടിട്ടും ഭയപ്പെട്ട് ഓടിപ്പോകാതെ നിൽക്കുന്നു. സ്നാനം കഴിഞ്ഞ് ജലാശയങ്ങളിൽ നിന്നു മടങ്ങുന്ന മഹർഷിമാരുടെ വല്കലത്തുമ്പിൽനിന്നും വീഴുന്നവെള്ളത്തുള്ളികളാൽ ആശ്രമപഥങ്ങൾ രേഖാങ്കിതങ്ങളായിരിക്കുന്നു.



മാലിനി നദിയുടെ തീരത്തുള്ള കണ്വാശ്രമത്തിൽ കുസുമ നിചയങ്ങളോടു കൂടിയ ലതകളും വൃക്ഷങ്ങളും നിറഞ്ഞ പുഷ്പവാടികൾ മൃഗപക്ഷിജാലങ്ങളോടൊപ്പം സംരക്ഷിക്കപ്പെട്ടിരുന്നതായി കാളിദാസൻ വർണിക്കുന്നുണ്ട്. അനപത്യതാ ദുഃഖനിവാരണാർത്ഥം ഉപദേശം തേടാൻ കുലഗുരുവായ വസിഷ്ഠ മഹർഷിയുടെ ആശ്രമത്തിൽ ചെല്ലുന്ന ദിലീപ രാജാവ് അവിടെ കാണുന്ന കാഴ്ചകളും ഏതാണ്ട് സമാനമാണ്. മുനിപത്നിമാരുടെ മക്കളെന്നോണം അവരുടെ കൈയിൽ നിന്ന് നെൽക്കതിർ വാങ്ങാൻ പർണശാലയുടെ വാതിൽക്കൽ നിൽക്കുന്ന മൃഗങ്ങൾ രഘുവംശത്തിൽ ചിത്രീകൃതമാവുന്നുണ്ട്. ഇതെല്ലാം പഴയ കഥ.അധ്യയനം കഴിഞ്ഞാൽ മുനിവാടത്തിൽ നിന്നു കിട്ടുന്ന നെൽക്കതിർ കത്തിവേവിച്ച് കുലപതിയുടെ മുമ്പിൽ സമർപ്പിക്കുമായിരുന്നു. അദ്ദേഹം അതു വലതു കൈകൊണ്ട് ഒന്നു സ്പർശിച്ച് പറയും. കൊണ്ടുപോയി എല്ലാരും ഭക്ഷിപ്പി! കുലപതി എന്തു ഭക്ഷിക്കുന്നുവെന്നോ പിറ്റേദിവസത്തെ നെൽക്കതിർ എവിടെ നിന്നുവരുന്നുവെന്നോ ആരും അന്വേഷിച്ചിരുന്നില്ലെന്നും കക്കാട് പറയുന്നുണ്ട്. ഗുരു പീഠത്തിലും ശിഷ്യൻ നിലത്തും ഇരുന്നുള്ള അധ്യയനത്തിൽ അതിൽ അസ്വാഭാവികത കാണാൻ കഴിയില്ല. ഉപജീവനോപാധി തന്നെയാണ് ഈ നെൽക്കതിർ.

കവിയെ വേദനിപ്പിക്കുന്ന പുതിയ കാഴ്ചകളാണിനി. കുലഗുരുക്കളില്ലാതായി,ആശ്രമവാടം നിന്നിടത്ത് കോൺക്രീറ്റ് കാടുകൾ വളർന്നിരിക്കുന്നു. കാട്ടുപൊയ്കകളെല്ലാം നികത്തപ്പെട്ടു കഴിഞ്ഞു. കവിയുടെ ഭാഷയിൽ പറഞ്ഞാൽ

'പഴയ ഹോമകുണ്ഡത്തിന്റെ സ്ഥാനം ഇതാ ഇവിടെത്തന്നെയായിരുന്നു, ഈ സെപ്റ്റിക് ടാങ്കിന്റെ സ്ഥാനത്ത്.'

അന്തിക്കിളികൾ ചേക്കേറിയിരുന്ന കാടുകളും , പുന്നയും നീർമരുതും പാലയും മലവാകയും നിന്നിരുന്ന ഇടങ്ങളും, കടകപ്പാലപ്പൂക്കളുടെ ഗന്ധവും മലവാകയും നിറങ്ങളും എന്നെന്നേക്കുമായി കൈമോശം വന്നതിന്റെ വിഷാദചിത്രം കക്കാട് എന്ന കവിയിലെ പ്രകൃതിസ്നേഹിയെ ഉണർത്തുകയാണ്. ബന്ധുരമായ ഭാവ ചിത്രങ്ങൾ വരച്ചിടാനുള്ള ആഗ്രഹം തന്നിൽ നിന്നും ചോർന്നു പോകുന്നതിന്റെ ശൂന്യതാബോധമാണ് കവി ഉടർന്നു പങ്കുവയ്ക്കുന്നത്. കക്കാടിന്റെ കവിതയെ വിലയിരുത്തികൊണ്ട് ആർ. രാമചന്ദ്രൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു. 'ആർഷ സംസ്കാരത്തിന്റെ അശ്വത്ഥ ഛായയിൽ കിടന്ന് ഈ കാവ്യപാന്ഥൻ സ്വപ്നം കാണുന്നു. അതിന്റെ ശാഖകളിൽ നിന്നുയരുന്ന അമര സല്ലാപത്തിന്റെ ഉദാത്ത സ്വരങ്ങളാവാഹിച്ച് തന്റെ കവിതയെ അഗാധവും ശക്തവുമാക്കിത്തീർക്കുന്നു'. (ആയിരത്തിത്തൊള്ളായിരത്തി അറുപത്തിമൂന്ന്, പ്രൊഫ. ആർ. രാമചന്ദ്രൻ, കക്കാടിന്റെ കവിതകൾ പു. 28) എലിയറ്റിന്റെ കവിതയുടെ സംസ്കാരം ഈ രചനാരീതിയിൽ പ്രതിഫലിക്കുന്നുണ്ടെന്നു പറയാവുന്നതാണ്. മൂന്നുരു ശാന്തി മന്ത്രം ജപിച്ച് 'ഊഷരഭൂമി' എന്ന കവിത അവസാനിപ്പിച്ച എലിയറ്റിനോട് കവി പറയുന്നതിങ്ങനെയാണ്.

മി. എലിയറ്റ്, താങ്കൾക്കിതു മനസ്സിലാകുന്നുണ്ടാവില്ല.
ഉരുകുന്ന അസ്ഥിയുടെ കടച്ചൽ താങ്കൾക്ക് മനസ്സിലാവും
കരിയുന്ന നാഡികളിലൂടെ അമൃതമൊഴുകുന്ന ശാന്തി താങ്കൾക്കറിയാനിടയില്ല.
നാം തമ്മിൽ ആറായിരം യോജന അന്തരമുണ്ടല്ലോ -
ആറായിരം ജന്മങ്ങളുടെ അന്തരം, ഒരു ഹിമവാന്റെ ഒരു പ്രണവത്തിന്റെ അന്തരം.
(മി. ടി.എസ്. എലിയറ്റിനുള്ള കത്തിൽ നിന്ന് ഒരു ഭാഗം)

മഹായുദ്ധങ്ങൾക്കു ശേഷം ലോകവും ജീവിതവും തരിശുഭൂമിയായിരിക്കുന്നു എന്ന ഇരുണ്ട ദർശ

കക്കാടിന്റെ മനസ്സിനെ മഥിച്ചിരുന്നെങ്കിലും പൗരസ്ത്യമെന്ന വിശേഷിപ്പിക്കാവുന്ന ശുഭപ്രതീക്ഷയെ കക്കാട് കൂടെ കൊണ്ടുനടന്നു. എങ്കിലും നഷ്ടമൂല്യ വിഷാദത്തിനും സർവ്വവ്യാപിയായ പരമോൽക്കണ്ഠയ്ക്കും ഉചിതമായ ആവിഷ്കാര ശൈലികൾ തേടിയപ്പോൾ എലിയറ്റിന്റെ കാവ്യ കല്പനകൾ കക്കാടിനു വഴി തെളിയിച്ചിട്ടുണ്ട്. സ്വാത്മാവിലേക്ക വിലയിപ്പിച്ച് അതിനു പുതിയ ധ്വന്യാത്മക മൂല്യം കല്പിക്കാൻ കക്കാട് മുതിർന്നു എന്നതാണ് അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നത്. കാവ്യസങ്കല്പ സംവേദനത്തിനുള്ള ശക്തമായ ഉപാധികളെക്കുറിച്ച് എലിയറ്റ് നടത്തിയ നിരീക്ഷണങ്ങൾ കക്കാടിന് ഹൃദ്യമായിരുന്നു. കവിതയെ മൃത്യുഞ്ജയമന്ത്രമായി വിശേഷിപ്പിക്കാൻ അത് കവിയെ സന്നദ്ധനാക്കി. 'കത്തിത്തിരുകി നിറയ്ക്കപ്പെട്ടവരല്ലോ നമ്മൾ പൊള്ള മനുഷ്യർ' എന്ന് hollowman എന്ന് കവിതയിൽ കുറിച്ച എലിയറ്റിനെ മനസാ ഗുരുവായി വരിച്ചുകൊണ്ടാണ് മൃത്യുബോധം നിറഞ്ഞു നിൽക്കുന്ന പല കവിതകളും കക്കാട് കുറിച്ചതെന്നും ആനുഷംഗികമായി സൂചിപ്പിക്കയാണ്.

നഷ്ടമൂല്യങ്ങളെക്കുറിച്ചുള്ള ദുഃഖവും ആധുനിക സംസ്കാരഗതി ജനിപ്പിക്കുന്ന വേവലാതിയും പക്ഷേ, ഇതിനേക്കാൾ ഭംഗിയായി എങ്ങനെയാണ് ധ്വനിപ്പിക്കാനാവുക?

പണ്ടത്തെ സന്ധ്യപോലും ആത്മീയ പരിവേഷത്താൽ താമ്രവാസസ്സായിരുന്നുവെന്ന് കവിചിത്തം തിരിച്ചറിയുന്നുണ്ട്. അന്തിക്കിളികളുമായി സല്ലപിച്ച് അവയുടെ അപാരതയുടെ തിളക്കമുള്ള ഗാനം ഏറ്റുവാങ്ങാൻ കഴിഞ്ഞിരുന്ന നാളുകളായിരുന്നു അത്. പകരം അവയ്ക്ക് മനസ്സിൽ സൂക്ഷിച്ച മലവാകപ്പൂക്കളുടെ ഗന്ധം പകർന്നേകി. മധുരമായി പാടാൻ സമൂഹ മനുഷ്യൻ ശീലിച്ചതങ്ങനെയാണ്. പ്രകൃതിയോടിണങ്ങുമ്പോഴാണ് മനുഷ്യൻ അവയുടെ നാദവും വർണ്ണവും രുചിയും തിരിച്ചറിയുന്നത്. പള്ളിക്കൂടത്തിലെത്തുന്നതോടെ കൊച്ചുകുട്ടിയ്ക്ക് കൈമോശം വരുന്ന നാനാവിഹംഗങ്ങളുടെ രമ്യമായ ഭാഷയെക്കുറിച്ച് ഇടശ്ശേരിയും ഖേദിച്ചിട്ടുണ്ടല്ലോ. പാരിസ്ഥിതിക വിനാശത്തെക്കുറിച്ചുള്ള സമകാലിക ബോധ്യങ്ങൾ കക്കാടിന്റെ കവിതയിൽ ഉൾത്തിളക്കമായി മാറുന്നു.

കവിതയുടെ അന്ത്യഭാഗം കക്കാടിന്റെ ദർശനത്തിന്റെ ഗരിമ ആഴത്തിൽ അനുഭവപ്പെടുത്തുന്ന ഒന്നാണ്. ഈ കാലഘട്ടത്തിലെ നല്ലവനായ മനുഷ്യന്റെ—കവിയുടെ—നിലവിളിയാണ് ഈ കവിതയെന്ന് മേലത്ത് ചന്ദ്രശേഖരൻ നിരീക്ഷിച്ചിട്ടുണ്ട് (ആശ്രമമൃഗം—ഒരാസ്വാദനം, കക്കാടിന്റെ കവിതകൾ സമ്പൂർണം, മാതൃഭൂമി ബുക്സ്, 2011, പു. 545). പ്രകൃതിയുടെ നിറവും താളവും പകർന്നാണ് ആദി കവി ഗാനമാലപിച്ചത് തലമുറകളായി അതു പകർന്നു പോരുകയും ചെയ്തു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ആരണ്യകങ്ങൾ നമുക്ക് നഷ്ടപ്പെട്ടു. പക്ഷികൾക്ക ചേക്കേറാൻ പഴയ മരങ്ങളില്ലാതായി ; മനസ്സിലെ മലവാകപ്പൂക്കളും കൊഴിഞ്ഞു.അവർ പക്ഷേ അനന്തതയിൽ വിലയം പൂണ്ടിരിപ്പുണ്ട്. അതുകൊണ്ടാണ് കുലപതി എവിടെ എന്ന ചോദ്യത്തിന് ഈ ഉത്തരം കവി കണ്ടെത്തുന്നത്.

ഉണ്ണീ ചോദ്യവും ഉത്തരവും ഒന്നുതന്നെ
നിറങ്ങളും പാട്ടുകളും ഒന്നുതന്നെ

കോൺക്രീറ്റ് കാടും സെപ്റ്റിക് ടാങ്കും മരങ്ങളില്ലാത്ത വർത്തമാന യാഥാർത്ഥ്യമായി നിലകൊളളുമ്പോൾ അശുഭ ചിന്തകൾ കൂട്ടുകൂട്ടിയേക്കാം. 'നിനക്കെന്തു കിട്ടി എന്ന ചോദ്യത്തിന് ഉത്തരമില്ലാതായേക്കാം'. പക്ഷേ, മനുഷ്യന്റെ അഹന്ത അതിനൊന്നും സമ്മതിക്കില്ലല്ലോ. അവൻ വസിഷ്ഠൻ ഉരുവിട്ട സന്ധ്യാസമയത്തെ സൂര്യഗായത്രിമന്ത്രം വീണ്ടും ഉരുക്കഴിക്കും.

പശ്യേമ ശരദശ്ശതം
ജീവേമ ശരദശ്ശതം

നൂറു ശരത് ഋതുക്കൾ കാണുവാനും ജീവിക്കാനും ഇടവരട്ടെ എന്ന് സൂര്യനോടു പ്രാർത്ഥിക്കുന്ന മന്ത്രമാണിത്. ലോകത്തെ വിമലീകരിക്കാനുള്ള കഴിവാണ് സൂര്യനെ ആരാധനാ മൂർത്തിയാക്കിയത്. സൂര്യതേജസ്സായ താമ്രസന്ധ്യ ഇന്ന് ദുഃഖിതയാണ്. കവിയുടെ മനസ്സുപോലെ കാഴ്ച തെളിഞ്ഞെങ്കിൽ എന്ന പ്രാർത്ഥന ഒരു ജീവമന്ത്രം പോലെ കവിതയുടെ ആന്തര ശ്രുതിയായി അലയടിച്ചുയരുന്നുണ്ട്.



ഛന്ദോമുക്തമെങ്കിലും വിരുദ്ധോക്തിയുടെ സ്വരവും കാൽപനികതയുടെ പദാവലിയും ആർഷദീപ്തിയാർന്ന ബിംബങ്ങളും 'ആശ്രമമൃഗത്തെ കൊല്ലു്' എന്ന കവിതയുടെ ഘടനയെ പരിപോഷിപ്പിക്കുന്നു. പൊയ്കയും നെൽക്കതിരും കിളിയും മരങ്ങളും സന്ധ്യയുമെല്ലാം ആശ്രമ മൃഗത്തോട് അഭേദം പ്രാപിക്കുകയാണ്.

ഈ കവിതയ്ക്ക് അടിപ്പടവായ ഒരു നാടൻ പുരാവൃത്തമുള്ളതും ഇവിടെ പ്രത്യേകിച്ച് എടുത്തു പറയേണ്ടതുണ്ട്. തന്റെ ഗ്രാമത്തിന്റെ അടിവേരുകളന്വേഷിച്ച് ചെല്ലാൻ എന്നും കൗതുകം കൊണ്ടിരുന്ന കവി. 'കവിതയും പാരമ്പര്യവും' എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്ന ഒരു നാടോടിക്കഥ ഈ കവിതയുടെ പ്രഥമപ്രേരക ശക്തിയായി നിലകൊണ്ടിരിക്കാം.

സഹ്യാദ്രിയുടെ പടിഞ്ഞാറൻ ചെരിവായ പുനത്തുരുത്തി മലയും അവിടെ ഉണ്ടായിരുന്ന തിരുവച്ചിറയും ചിറയിൽ പതിവായി വിളയുന്ന നെൽക്കതിരും സമീപവർത്തിയായ ക്ഷേത്രമുറ്റത്തെ മുളങ്കൂട്ടവുമൊക്കെ നാടൻ സങ്കല്പനങ്ങളാണ്. അവിടനല്ലൂർ ഗ്രാമത്തലവനായ പൊന്നൂർ നമ്പൂതിരി ആ നെൽക്കതിൽ ഊരിയെടുത്ത് കത്തി നിവേദ്യം കഴിച്ചു പോന്നിരുന്നുവത്രെ. കന്നിമാസം ഒന്നാം തിയ്യതി എല്ലാ വർഷവും നെൽക്കതിർ മുഴുവൻ ഗ്രാമത്തലവന്റെ മുറ്റത്തെത്തും. ഒരു വർഷത്തേക്ക് ആ ഗ്രാമത്തിലുള്ള മുഴുവൻ പേർക്കും ആവശ്യമായ നെല്ല് മുഴുവൻ അവിടെ ചൊരിയും. ഓരോ വീട്ടിലേക്കുമുള്ള നെല്ല് അളന്ന് ഗ്രാമത്തലവൻ മുളന്തുമ്പിനെ നമസ്കരിച്ചു കഴിഞ്ഞാൽ മുളന്തുമ്പ് അപ്രത്യക്ഷമാകുമെന്നാണ് വിശ്വാസം. ഈ പുരാവൃത്തമാണത്രെ അവിടനല്ലൂരെന്ന സ്ഥലനാമത്തിനു പോലും കാരണമായിത്തീർന്നത്. അവിടനല്ലൂരിൽ ജനിച്ച കക്കാടിനെ ഈ കഥ തീർച്ചയായും സ്വാധീനിച്ചിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതിനെ ശാകുന്തള കഥയുമായും വസിഷ്ഠ പുരാവൃത്തവുമായും ഒക്കെ ബന്ധിപ്പിച്ചുകൊണ്ട് കാരുണ്യരഹിതമായ പുതിയ കാലത്തെ അടയാളപ്പെടുത്താൻ കഴിഞ്ഞു എന്നതുതന്നെയാണ് ഈ കവിതയുടെ വിജയം. ആധുനിക ജീവിതസമസ്യകളെ വ്യാഖ്യാനിക്കാൻ പുരാവൃത്തങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കുകയും അനന്തരകാലീനർക്ക് മാതൃകയാവുകയും ചെയ്തു എന്നത് കക്കാടിന്റെ കവിതകളുടെ സമകാലിക വായനയെ കൂടുതൽ ഉൻമിഷത്താക്കുന്നുണ്ട്.

## ഗ്രന്ഥസൂചി


1. കക്കാടിന്റെ കവിതകൾ സമ്പൂർണ്ണം, മാതൃഭൂമി ബുക്സ്, 2011.
2. കക്കാട് എൻ.എൻ. കവിതയും പാരമ്പര്യവും, വള്ളത്തോൾ വിദ്യാപീഠം,1984.
3. കക്കാട് എൻ.എൻ., എന്റെ കവിത, സഹലമിയാത്ര, എൻ.ബി.എസ്., കോട്ടയം, 1988.
4. ഗീത എൻ., കക്കാടിന്റെ കാവ്യകല, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002.


ഡോ. ശുഭ.കെ



കക്കാട് അച്യുതൻ നമ്പൂതിരിയുടെയും ശാരദ അന്തർജ്ജനത്തിന്റെയും മകളായി അവിടനല്ലൂരിൽ ജനിച്ചു. കാലിക്കറ്റ് സർവകലാശാലയിൽ നിന്ന് മലയാള സാഹിത്യത്തിൽ എം.എ ബിരുദവും 'നവോത്ഥാന സങ്കല്പനങ്ങൾ സ്വാതിതിരുനാളിൽ: 'മോഹിനിയാട്ട രചനകൾ ആസ്പദമാക്കി ഒരു പാഠനം' എന്ന വിഷയത്തിൽ പിഎച്ച്.ഡി ബിരുദവും നേടി. ഇപ്പോൾ തിരൂർ തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാലയിൽ സാഹിത്യപഠനവിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയി പ്രവർത്തിക്കുന്നു

# Chengazhi

A Jounal from
Department of Malayalam,
Sree Sankaracharya University of Sanskrit,
Kalady

Volume 1, Issue-8,
July-December, 2022

ISSN25819585